**അടിയന്തിരം**

//ഭരണഭാഷ - മാതൃഭാഷ//

നം.ആർ&ആർ (1)/90010/2017/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി.28-01-2020
ഫോൺ നം.0471-2580586
ഇ-മെയിൽ: supdtrr.dge@kerala.gov.in

പൊതു വിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ റീജീയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും

സാർ,

**വിഷയം**:- പൊതു വിദ്യാഭ്യാസം-**"സുരക്ഷിത വിദ്യാലയം"** ക്യാമ്പയിന്റെ ഭാഗമായി സ്പെഷ്യൽ പി.ടി.എ യോഗം കൂടുന്നത്-സംബന്ധിച്ച്.

**സൂചന** :- 1). സർക്കുലർ നം.ആർ&ആർ (1)/90010/2017/ഡി.ജി.ഇ തീയ്യതി.22-11-19.
2). സർക്കാർ സർക്കുലർ നം.ഡി.എ.1/361/19/ത.സ്വ.ഭ.വ തീയ്യതി.23-11-19.
3). സർക്കുലർ നം.ആർ&ആർ (1)/90010/2017/ഡി.ജി.ഇ തീയ്യതി.09-01-2020
4). കത്ത് നം.ആർ&ആർ (1)/90010/2017/ഡി.ജി.ഇ തീയ്യതി.16-01-2020.

********

സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും **"സുരക്ഷിത വിദ്യാലയം"** ക്യാമ്പയിൻ നടത്തപ്പെടുന്നതിന്റെ ഭാഗമായി 18-01-2020 ന് സ്പെഷ്യൽ പി.ടി.എ മീറ്റിംഗ് കൂടണമെന്നും, അന്നേ ദിവസം ബഹുമാനപ്പെട്ട പൊതു വിദ്യാഭ്യാസ വകുപ്പു മന്ത്രി, പൊതു വിദ്യാഭ്യാസ സെക്രട്ടറി, പൊതു വിദ്യാഭ്യാസ ഡയറക്ടർ എന്നിവർ നൽകുന്ന വീഡിയോ സന്ദേശവും, കൂടാതെ ബഹുമാനപ്പെട്ട പൊതു വിദ്യാഭ്യാസ വകുപ്പു മന്ത്രിയുടെ പ്രത്യേക സന്ദേശവും യുട്യൂബ് ലിങ്ക് വഴി പ്രദർശിപ്പിക്കാൻ നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ റിപ്പോർട്ട് ***31-01-2020 ന് വൈകിട്ട് 5 മണിക്ക് മുമ്പായി*** supdtrr.dge@kerala.gov.in ലേയ്ക്ക് ഇ-മെയിൽ ചെയ്യേണ്ടതും, കൂടാതെ പ്രസ്തുത വീഡിയോ സ്കൂളുകളിൽ ഇതുവരെയും പ്രദർശിപ്പിക്കാത്തവർ വീഡിയോ പ്രദർശിപ്പിക്കുകയും ആയതിന്റെ റിപ്പോർട്ടും മേൽ പറഞ്ഞ ഇ-മെയിൽ മുഖേന അറിയിക്കേണ്ടതുമാണ്. പ്രസ്തുത റിപ്പോർട്ട് നൽകുന്നതിൽ വീഴ്ച്ച വരുത്തുവാൻ പാടില്ല എന്ന വിവരവും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

//ആർ.ടി.കെ//